## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2593 17.06.2019 -ലെ മറുപടിക്ക്**

## അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി ഇതിനകം എത്ര കോളനികളിൽ നടപ്പിലാക്കി; പ്രസ്തുത പദ്ധതി നടപ്പിലാക്കിയ കോളനികളിലെ നിലവിലെ സ്ഥിതി അവലോകനം ചെയ്തിട്ടുണ്ടോ; | (എ) | അംബേദ്കർ ഗ്രാമം പദ്ധതി (2016-17) പ്രകാരം സംസ്ഥാനത്തു നിന്നും 273 കോളനികളെ തെരഞ്ഞെടുക്കുകയും 165 കോളനികളിൽ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2012-13, 2014-15 സാമ്പത്തിക വർഷങ്ങളിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം 216 കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ടി പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള കോളനികളിൽ പദ്ധതി അവലോകനം നടത്താറുണ്ട്. |
| (ബി) | ഒരു കോടി രൂപ മുടക്കിയ പല കോളനികളിലും ഇപ്പോഴും അടിസ്ഥാന സൗകര്യത്തിന്റെ അപര്യാപ്തത ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ചില കോളനികളിൽ സ്രോതസ്സിന്റെ അപര്യാപ്തത കാരണം ജല ലഭ്യതയിൽ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | മുപ്പതും അതിന് മുകളിലും പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന കോളനികളെ കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | (സി) | 2019-20 സാമ്പത്തിക വർഷം മുതൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ മുപ്പതും അതിന് മുകളിലും പട്ടികജാതി കുടുംബങ്ങൾ ഉള്ള കോളനികളെ കൂടി പരിഗണിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ